പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6923 10.07.2014 ലെ മറുപടിക്ക്

**മൃതദേഹം അടുക്കള പൊളിച്ച് മറവു ചെയ്ത സംഭവം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാ ളുടെ മൃതദേഹം സംസ്കരിക്കാൻ സ്ഥല മില്ലാതെ സഹോദരിയുടെ വീടിന്റെ അടുക്കള പൊളിച്ച് മൃതദേഹം മറവുചെയ്ത സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ അധികാരമേറ്റശേഷം ഇത്തരത്തിൽ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഏതെല്ലാം സ്ഥലങ്ങളിൽ; വ്യക്തമാക്കുമോ; | (ബി) | വാമനപുരം ബ്ലോക്കിലെ ശ്രീ. മഹേഷ് കുമാർ (26 വയസ്സ്) പുളിമൂട്, മൺപുറത്ത് വീട്, ഇടവം, കരിക്കകം, ഇടിഞ്ഞാർ (പി.ഒ.) എന്നയാൾ മരണപ്പെടുകയും തുടർന്ന് സംസ്കരിക്കാൻ പ്രത്യേക സ്ഥലമില്ലാത്തതിനാൽ സഹോദരിയുടെ വീടിന്റെ അടുക്കളയുടെ പുറത്തുള്ള ചായ്പിൽ മൃതദേഹം സംസ്കരിച്ചതായി അന്വേഷണത്തിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ശ്രീ. മഹേഷ്കുമാറിന്റെ ഭാര്യയായ ശ്രീമതി. സജിതയുടെ അപേക്ഷ പ്രകാരം ഈ കുടുംബത്തിന് 2013-14 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 1,50,000/- രൂപ അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് പാലോട് സബ് രജിസ്ട്രാർ ഓഫീസ് പരിധിയിൽ മൂന്ന് സെന്റ് വസ്തു വാങ്ങുകയും ചെയ്തിട്ടുണ്ട്. |
| (സി) | ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് ഉദ്യോഗ സ്ഥർ, പട്ടികജാതി വകുപ്പ് ഉദ്യോഗ സ്ഥർ, ആരോഗ്യ വകുപ്പ് ഉദ്യോഗ സ്ഥർ, പോലീസ് അധികാരികൾ തുടങ്ങിയവർ പ്രസ്തുത സംഭവം അറിഞ്ഞിരുന്നോ; ഇല്ലായെങ്കിൽ കാര ണം വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ മറവ് ചെയ്യുവാൻ ഇവർ അനുമതി നല്കിയോയെന്ന് വ്യക്തമാ ക്കുമോ; | (സി) | തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധനയിൽ വീടിന്റെ അടുക്കളയോടു ചേർന്നുള്ള ചായ്പിൽ മൃതദേഹം സംസ്കരിച്ചതായി കാണുകയുണ്ടായി. ആയതിന് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ അനുമതി ആവശ്യമില്ല. |
| (ഡി) | സംസ്ഥാനത്ത് ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ശ്മശാനങ്ങൾ നിർമ്മിക്കുവാൻ സ്ഥലമുള്ള സങ്കേതങ്ങളിൽ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനും, നിലവിലുള്ളവ നവീകരിക്കുന്നതിനും, ഒരു പുതിയ പദ്ധതി ഈ വർഷം മുതൽ ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ